**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **31-01-2024 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി നഗരസഭ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി വട്ടപ്പാറയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ഡിറ്റൈൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും പ്രൊപ്പോസലും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവർത്തി വളാഞ്ചേരി നഗരസഭയാണ് നടപ്പിലാക്കുന്നത്. പ്രസ്തുതവിഷയം വളാഞ്ചേരി നഗരസഭയുടെ കീഴിലാണുള്ളത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം, തിരുനാവായ, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി 37022 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 31742.77 ലക്ഷം രൂപയുടെ ഭരണാനുമതിയും എടയൂർ, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി 12059 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 4949.38 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതികളെല്ലാം തന്നെ കരാർ നൽകി നടപ്പാക്കി വരികയാണ്.<br><br>പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.പദ്ധതികൾ 2024 -25 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ